പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## ഇന്ദിര ആവാസ് യോജന

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1490 — 04.12.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.പി.മുഹമ്മദ്<br>,, കെ.എസ്.ശബരീനാഥൻ<br>,, എ.പി.അബ്ദുള്ളക്കുട്ടി<br>,, കെ.ശിവദാസൻ നായർ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇന്ദിര ആവാസ് യോജന അനുസരിച്ച് വീട് നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (ബി) | ഗ്രാമീണ മേഖലയിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വാസയോഗ്യമായ വീടില്ലാത്ത കുടുംബങ്ങൾക്ക് സൗജന്യമായി കുറഞ്ഞത് 30 വർഷം എങ്കിലും നിലനിൽക്കുന്ന വീടുകൾ നിർമ്മിച്ച് നൽകിക്കൊണ്ട് അവരുടെ പാർപ്പിട പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുക എന്നതാണ് കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്ദിരാ ആവാസ് യോജനയുടെ ലക്ഷ്യം. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഗ്രാമസഭകളിലൂടെയാണ്. ഇന്ദിര ആവാസ് യോജനയിൽ പുതിയ വീടുകളുടെ നിർമ്മാണത്തിന് കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന തുക 70,000/- രൂപയാണ്. ഇത് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 60:40 അനുപാതത്തിൽ വഹിച്ചുവരുന്നു. കേരളത്തിൽ ഐ.എ.വൈ. ഗുണഭോക്താക്കൾക്കുള്ള യൂണിറ്റ് കോസ്റ്റ് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിന് 3 ലക്ഷമായും പൊതുവിഭാഗത്തിന് 2 ലക്ഷമായും സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച നിരക്ക് മൂലമുണ്ടായ ബാധ്യതയിൽ വീട് ഒന്നിന് 2012-13 ൽ 75,000/- രൂപയും, 2013-14 മുതൽ 50,000/- രൂപ വീതം സംസ്ഥാന സർക്കാർ അധിക ധനസഹായമായി നൽകുന്നുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് വർദ്ധിപ്പിച്ച നിരക്കിൽ തുക നൽകുന്നതിലേക്കായി ഒരു ലക്ഷം രൂപാ വീതം പട്ടികജാതി വകുപ്പും 50,000/- രൂപ വീതം പട്ടികവർഗ്ഗ വകുപ്പും വഹിച്ചുവരുന്നു. ബാക്കിയുള്ള തുക ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ 25:40:35 എന്ന അനുപാതത്തിൽ പ്ലാൻ ഫണ്ടിൽ നിന്നും വകയിരുത്തുന്നുണ്ട്. |
| (സി) | പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (സി) | 2015-16 വർഷത്തിലേയ്ക്കുള്ള ഗുണഭോക്താക്കളെ കണ്ടെത്തി എഗ്രിമെന്റ് വച്ച് ധനസഹായം നൽകുന്നുണ്ട്. ധനസഹായം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് സംസ്ഥാനത്ത് നിന്നും നേരിട്ട് നൽകിവരുന്നു. 104.46 കോടി രൂപ 30.11.2015 വരെ ചെലവഴിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും രണ്ടാംഗഡു തുക ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. |

സെക്ഷൻ ഓഫീസർ